## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 15.11.2024 മുതൽ 19.11.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 46/2024 (92) വ്യാഴാഴ്ച | തീയ്യതി 14/11/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 15.11.2024 | 16.11.2024 | 17.11.2024 | 18.11.2024 | 19.11.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 15 | 2 | 2 | 3 | 1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 250 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മഴ കുറഞ്ഞു വരുന്നതിനാൽ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | പോളച്ചീയൽ | ഹെക്സകോനാസോൾ 5 ഇ സി 1.5 മി.ലി. ഒരുലിറ്റർ വെള്ളത്തിൽ ചേർത്ത്തളിക്കുക |
| മഞ്ഞൾ/ഇഞ്ചിയില | ഇല കരിച്ചിൽ | കാർബൻഡാസിം + മാങ്കോസെബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്ററിന് അല്ലെങ്കിൽ 1% ബോർഡോ മിശ്രിതം തളിച്ച് നനയ്ക്കുക. വിള പരിക്രമണം കർശനമായി പാലിക്കണം. രോഗം ബാധിച്ച ചെടികളുടെ റൈസോമുകൾ വിത്തുകളായി ഉപയോഗിക്കുന്നത് ഒഴിവാക്കുക. വിത്ത് റൈസോമുകൾ ബോർഡോ മിശ്രിതത്തിൽ അര മണിക്കൂർ മുക്കി, തണലിൽ വെച്ച് ഉണക്കിയ ശേഷം വിത്ത് ആവശ്യത്തിനായി സൂക്ഷിക്കുക. |
| വൃക്ഷവിളകൾ | പിങ്ക് രോഗം | ഹെക്സകോണസോൾ 5 ഇസി 2 മില്ലി ലിറ്ററിന് ചുവട്ടിൽ ഒഴിക്കുക/ തളിക്കുക. മഴ ശമിച്ച ശേഷം, രോഗം ബാധിച്ച ശാഖകൾ മുറിച്ചു മാറ്റി 10% ബോർഡോ പേസ്റ്റ് അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (ലിറ്ററിന് 10 ഗ്രാം) തേച്ചു പിടിപ്പിക്കുക |
| ശീതകാലപച്ചക്കറികൾ | നടീൽ | ഒരുമാസം പ്രായമായ തൈകൾ (സെൻറ്റിനു തൊണ്ണൂറു മുതൽ നൂറു തൈകൾ എന്ന നിരക്കിൽ) കൃഷിയിടത്തേക്കു അല്ലെങ്കിൽ ഗ്രോബാഗുകളിലേക്കു പറിച്ചു നടാവുന്നതാണ്. സെൻറ്റിനു 100 കി. ഗ്രാം.ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം അല്ലെങ്കിൽ കമ്പോസ്റ്റ് അടിവളമായി ചേർക്കാവുന്നതാണ്. നവംബർ മൂന്നാം ആഴ്ചക്കു മുൻപേ പറിച്ചുനടീൽ പൂർത്തിയാക്കുക |
| വിവിധവിളകൾ | ശലഭപ്പുഴുക്കൾ | വേപ്പിൻകുരുസത്ത് 5 % [നന്നായി പൊടിച്ച വേപ്പിൻകുരു 50 ഗ്രാം കിഴി കെട്ടി ഒരു ലിറ്റർ വെള്ളത്തിൽമുക്കി 12 മണിക്കൂർവെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തു വരുന്ന വെള്ളം ക്ലിയർ ആകുന്നവരെ പിഴിഞ്ഞെടുത്തത് ] തളിച്ച്കൊടുക്കാം; ബിവേറിയ ബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം; ക്ലോറാൻട്രാലിനിപ്രോൾ 18.5 SC മൂന്നുമില്ലിലിപത്തുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. പുഴുക്കൾ വീടുകളിലേക്ക്വ്യാപിക്കുകയാണെങ്കിൽ സൈപെർമെത്രിൻ 1 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ പശയും ചേർത്ത്തളിക്കാം. |

മത്സ്യകൃഷി-: ശക്തമായ മഴ കാരണം മത്സ്യ കുളങ്ങളിലെ ജലനിരപ്പ് ഉയർന്നു വരുന്നതിനാൽ മത്സ്യ കർഷകർ മത്സ്യങ്ങൾ പോകാതിരിക്കാനുള്ള മുൻകരുതൽ എടുക്കേണ്ടതാകുന്നു. കുളങ്ങൾക്കു ചുറ്റും വലകെട്ടി സംരക്ഷണം നൽകാവുന്നതാണ്.